# റോമിലെ വി. കൊർന്നല്യോസ്
## St. Cornelious of Rome

ക്രിസ്തുവർഷം 250-ാം ആണ്ടിൽ റോമിലെ സഭയുടെ അദ്ധ്യക്ഷനായ വി. ഫാബിനോസ് രക്തസാക്ഷിയായി. അദ്ദേഹത്തിന്റെ വേർപാടിൽ റോമൻ സഭ നന്നേ ദുഃഖിച്ചു. വി. ഫാബിയാനോസിന്റെ രക്തസാക്ഷിത്വത്തെ തുടർന്ന് നീണ്ട പതിനാറ് മാസക്കാലം റോമൻ സഭാദ്ധ്യക്ഷ സ്ഥാനം ഒഴിഞ്ഞു കിടന്നു. ഈ കാലയളവിലാണ് കൊർന്നല്യോസ് റോമൻ സഭയുടെ അദ്ധ്യക്ഷനായി സ്ഥാനം ഏൽക്കുന്നത്. റോമൻ പട്ടണത്തിലാണ് ഈ വിശുദ്ധൻ ജനിച്ചത് എന്ന് വിശ്വസിക്കപ്പെടുന്നു.

ഏറ്റവും കലുഷിതമായ സഭാന്തരീക്ഷത്തിലാണ് അദ്ദേഹം സഭയുടെ ഉത്തരവാദിത്തം ഏറ്റെടുത്തത്. ഡേസിയൂസ് (Dasius) ചക്രവർത്തിയുടെ അതിക്രൂരമായ മതപീഠനത്തിന് നടുവിൽ സഭ വിറങ്ങലിച്ചു നിന്നു. ആയിരങ്ങൾ ക്രൂരമായി വധിക്കപ്പെട്ടു, പതിനായിരങ്ങൾ അംഗഹീനരായി. ക്രൈസ്തവ സഭാ അദ്ധ്യക്ഷന്മാർ ഹിംസജന്തുക്കൾക്ക് ഭക്ഷണമായി. ക്രൈസ്തവർ നേരിട്ട പീഢനങ്ങളിൽ നിന്നും രക്ഷനേടാൻ ചില വിശ്വാസികൾ വിഗ്രഹങ്ങൾക്ക് ധൂപം അർപ്പിച്ച് സംരക്ഷണ ചീട്ട് (Certificate) കൈപറ്റി. മറ്റു ചിലരാകട്ടെ ധൂപം അർപ്പിക്കാതെ പണം നൽകി ചീട്ട് സമ്പാദിച്ചു. അങ്ങനെ ഒരു സംഘം ക്രൈസ്തവർ 'സത്യവിശ്വാസ ത്യാഗികളായി' മാറി.

ഇവരിൽ ചിലർ പിന്നീട് സഭയിൽ ചേരുവാൻ ആഗ്രഹിച്ച് സഭാധ്യക്ഷന്മാരെ സമീപിച്ചു. ശരിയായ മാനസാന്തരത്തിലൂടെ സഭയിലേക്ക് ചേരുന്നവരെ സ്വീകരിക്കുവാൻ തീരുമാനമായി. പക്ഷേ തീവ്രവിശ്വാസികളിൽ ഒരു വിഭാഗം ഇതിനെ എതിർത്തു. വിശ്വാസത്തേക്കാൾ ഒരുതരം വൈരാഗ്യ ചിന്തയാണ് അവരെ ഭരിച്ചിരുന്നത്. ഈ സംഘത്തിന്റെ ആഫ്രിക്കയിലെ അദ്ധ്യക്ഷനായിരുന്നു നെവേഷ്യൻ (Novation). ഇതിനാൽ ഈ പാഷണ്ഢത, 'നൊവേഷ്യൻ പാഷ്ണഢത' (Novation Schism) എന്നറിയപ്പെട്ടു. നൊവേഷ്യന്റെ നേതൃത്വത്തിൽ ഒരു സംഘം സഭയ്ക്കുള്ളിൽ അസ്വസ്ഥതകൾ സൃഷ്ടിച്ചു.

സത്യവിശ്വാസികൾ കൊർന്നല്യോസിനെ സഭാദ്ധ്യക്ഷനാക്കിയപ്പോൾ പ്രശ്നക്കാർ നൊവേഷ്യനെ എതിർ തലവനായി (Anti-Pope) തിരഞ്ഞെടുത്തു. സഭയുടെ തർക്കത്തിന് പരിഹാരമുണ്ടാക്കാൻ കൊർന്നല്യോസ് റോമിൽ ഒരു സുന്നഹദോസ് വിളിച്ചു ചേർത്തു. അറുപത് മെത്രാന്മാരോടൊപ്പം നൊവേഷ്യനും ഈ സമ്മേളനത്തിൽ പങ്കെടുത്തു. ക്രൈതവ വിശ്വാസം ക്ഷമയും, വീട്ടുവീഴ്ചയുമാണ് പഠിപ്പിക്കുന്നതെന്ന് സുന്നഹദോസ് തീരുമാനിച്ചു. തുടർന്ന് നൊവേഷ്യന് അനുതപിക്കുവാനും, സത്യവിശ്വാസത്തിലേക്ക് തിരിച്ചു വരുവാനും അവസരം നൽകി. പക്ഷേ നൊവേഷ്യൻ അനുതപിച്ചില്ല. അന്ത്യോഖ്യായിലെ ഫാബിയോസ്, വി. കുപ്രിയാനോസ്, വി. ദിവന്നാസ്യോസ് എന്നീ പിതാക്കന്മാർ കൊർന്നല്യോസിനെ അനുകൂലിച്ചു.കൊന്നല്യോസിന്റെ പ്രസിദ്ധിയും കൃത്യബോധവും ലോകമെങ്ങും പ്രകീർത്തിക്കപ്പെട്ടു. സഭയിൽ സമാധാനം സൃഷ്ടിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

എഡി. 251-ൽ ഡേസിയൂസ് മരണപ്പെട്ടു, തുടർന്ന് ഗാലൂസ് ചക്രവർത്തിയായി അവരോധിക്കപ്പെട്ടു. അദ്ദേഹം ചക്രവർത്തിയായ ഉടനെ പട്ടണത്തിൽ വസന്തരോഗം പടർന്നുപിടിച്ചു. ഇതിനുള്ള കാരണം ദേവകോപമാണെന്ന് കണ്ടെത്തിയ വിഗ്രഹാരാധകർ ക്രൈസ്തവരെ, ദേവന്മാർക്ക് നരബലി നൽകണമെന്ന് വിധിച്ചു. അതിനായിട്ട് അവർ ആദ്യം നിർദ്ദേശിച്ചത് വി. കൊർന്നല്യോസിന്റെ പേരായിരുന്നു. തുടർന്ന് പടയാളികൾ വിശുദ്ധനെ പിടിച്ചുകെട്ടി വിഗ്രഹങ്ങൾക്ക് ബലിനൽകി. ഏതാണ്ട് മൂന്ന് വർഷത്തെ ഭരണത്തിനു ശേഷം അദ്ദേഹം രക്തസാക്ഷ്യമകുടം ചൂടി.വിശ്വാസികൾ അദ്ദേഹത്തിന്റെ ഭൗതികദേഹം റോമിലെ ലൂസിനാ (Lucina) എന്ന സ്ഥലത്ത് അടക്കം ചെയ്തു.

***Compiled by: Dn. Greger R. Kollanoor, Palakkal.***
***E-mail:gregerpalakkal@yahoo.co.in***